# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം–14,

**<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

(നിലവിൽ: കെ.എം.ലീലാമണി)

വിഷയം:– വ്യാവസായിക പരിശീലന വകുപ്പ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:–1) 27.06.2011–ലെ എ3/5350/11–ാം നമ്പർ നടപടിക്രമം.
2) 15.11.2011 ലെ സ. ഉ.(സാധാ)നം.1733/2011/തൊഴിൽ നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ. എ3/13192/2011. തീയതി 16.11.2011.</u>**

പരാമർശം ഒന്നിലെ ഉത്തരവു പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയതു മുഖാന്തിരം 6 ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. കൂടാതെ 31.03.2011–ൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച 3 ഉദ്യോഗസ്ഥരുടെ ഒഴിവുകളും ഉണ്ട്. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ജോലി നോക്കിയിരുന്ന ശ്രീ. പി.ജെ. അലോഷ്യസ്, ആർ.ഐ.സെന്റർ കോട്ടയത്തെ ശ്രീമതി. അമ്മിണി ഫിലിപ്പ്, ഐ.ടി.ഐ. മൂവാറ്റുപുഴയിലെ ശ്രീ. ഗോപാലകൃഷ്ണൻ എന്നിവരാണ് വിരമിച്ചവർ. ഇതിനു പുറമേ ഐ.ടി.ഐ. കണ്ണൂരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ പോയ ശ്രീ. അജയകുമാറിന്റെ ഒരു ഒഴിവും പുതിയതായി ആരംഭിച്ച എറണാകുളം ജില്ലയിലെ മരട് ഐ.ടി.ഐ.യിൽ ഉണ്ടായ ഒരു ഒഴിവും ഉൾപ്പെടെ 11 ഒഴിവുകളാണ് ഉള്ളത്. ടി ഒഴിവുകൾക്കു പുറമെ ശ്രീ. ആർ.മോഹനൻ, ഹെഡ് ക്ലാർക്ക് ഡെപ്യൂട്ടേഷനിൽ തുടരണമെന്ന് അപേക്ഷിച്ചിരിക്കുകയും ടിയാൻ ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റത്തിന് അർഹത ഉള്ള ആളുമാണ്. ടിയാനെ ഉദ്യോഗക്കയറ്റം നൽകി ഡെപ്യൂട്ടേഷനിൽ തുടരാൻ അനുവദിക്കാവുന്നതും അതു മുഖാന്തിരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉണ്ടായ ഒഴിവ് ഉൾപ്പെടെ 12 ഒഴിവുകൾ നിലവിലുണ്ട്.

ഈ 12 ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് ഹെഡ് ക്ലാർക്ക് തസ്തികയിൽ പരിവീക്ഷ പൂർത്തീകരിച്ച ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ കെ.എസ്.& എസ്.എസ്ആർ. ഭാഗം 11 ചട്ടം 31 എ (1) പ്രകാരം താൽക്കലിക ഉദ്യോഗക്കയറ്റങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിൽ ഇളവ് വരുത്തി, പരാമർശം രണ്ട് പ്രകാരം സർക്കാർ അനുമതി നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ ഹെഡ് ക്ലാർക്കുമാരുടെ ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ 132 മുതൽ 143 വരെയുള്ള ഉദ്യോഗസ്ഥർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകാവുന്നതാണ്. ടി 12 ഹെഡ് ക്ലാർക്കുമാരുടെ

പേരും നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിന്റെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ. കെ.എച്ച്.കശ്മീർ | ഐ.ടി.ഐ. ചെന്നീർക്കര |
| 2. | ശ്രീ. ആർ.മോഹനൻ | കെ.എൽ.ഡി. ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നു |
| 3. | ശ്രീ. സി.വി. റോയ് | ഐ.ടി.ഐ. കട്ടപ്പന |
| 4. | ശ്രീ. വി.ബി.ബാബു | ഐ.ടി.ഐ. ഏറ്റുമാനൂർ |
| 5. | ശ്രീ. ജി.ഉല്ലാസ് കുമാർ | ഐ.ടി.ഐ. (വ) കൊല്ലം |
| 6. | ശ്രീ. സി.എസ്.സുനിൽകുമാർ | ആർ.ഐ.സെന്റർ കളമശ്ശേരി |
| 7. | ശ്രീമതി. കെ.എസ്.ജലജ | ഐ.ടി.ഐ. (വ) കഴക്കൂട്ടം |
| 8. | ശ്രീ. റ്റി.ജി.ഭഗവൽദാസ് | ഒ.ഐ.സി., ഐ.ടി.ഐ. കോഴിക്കോട് |
| 9. | ശ്രീ. കെ.റോബർട്ട് കിംഗ് | ആർ.ഐ.സെന്റർ ചാക്ക |
| 10. | ശ്രീ. സി.ഡി.തിലകൻ | ഐ.ടി.ഐ. മാള |
| 11. | ശ്രീമതി. റ്റി.എം.ഷീജ | ഐ.ടി.ഐ. (വ) കോഴിക്കോട് |
| 12. | ശ്രീ. ജി.രമേശ്ബാബു | ഐ.ടി.ഐ. ആറ്റിങ്ങൽ |

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ 12 ഹെഡ് ക്ലാർക്കുമാരെ കെ.എസ് & എസ്.എസ്.ആർ. റൂൾ 31(എ)(i) പ്രകാരം 9190–15510 (പ്രീ–റിവൈസ്ഡ്) സ്കെയിലിൽ താൽക്കാലികമായി ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി താഴെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേരും തസ്തികയും | ഇപ്പോൾ ജോ.ലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1. | ശ്രീ. കെ.എച്ച്.കശ്മീർ, ഹെഡ് ക്ലാർക്ക് | ഐ.ടി.ഐ. ചെന്നീർക്കര | ആർ.ഐ.സെന്റർ കോഴിക്കോട് | ഒഴിവ് |
| 2. | ശ്രീ. ആർ.മോഹനൻ, ഹെഡ് ക്ലാർക്ക് | കെ.എൽ.ഡി. ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നു | സ്ഥാനക്കയറ്റം നൽകി അന്യത്ര സേവന വ്യവസ്ഥയിൽ കെ.എൽ.ഡി. ബോർഡിൽ തുടരാൻ അനുവദിക്കുന്നു | -- |
| 3. | ശ്രീ. സി.വിറോയ്, ഹെഡ് ക്ലാർക്ക് | ഐ.ടി.ഐ. കട്ടപ്പന | ഐ.ടി.ഐ. കാസർഗോഡ് | ഒഴിവ് |
| 4. | ശ്രീ. വി.ബി.ബാബു, ഹെഡ് ക്ലാർക്ക് | ഐ.ടി.ഐ. ഏറ്റുമാനൂർ | ഐ.ടി.ഐ. പെരിങ്ങോം–വയക്കര, കണ്ണൂർ | ഒഴിവ് |
| 5. | ശ്രീ. ജി.ഉല്ലാസ് കുമാർ, ഹെഡ് ക്ലാർക്ക് | ഐ.ടി.ഐ. (വ) കൊല്ലം | ഐ.ടി.ഐ. വളയം, കോഴിക്കോട് | ഒഴിവ് |
| 6. | ശ്രീ. സി.എസ്.സുനിൽ കുമാർ, ഹെഡ് ക്ലാർക്ക് | ആർ.ഐ.സെന്റർ കളമശ്ശേരി | ഐ.ടി.ഐ. പുഴക്കാട്ടിരി, മലപ്പുറം | ഒഴിവ് |
| 7. | ശ്രീമതി. കെ.എസ്.ജലജ, ഹെഡ് ക്ലാർക്ക് | ഐ.ടി.ഐ. (വ) കഴക്കൂട്ടം | ഐ.ടി.ഐ. തിരുവമ്പാടി, കോഴിക്കോട് | ഒഴിവ് |

| | | | | |
|---|---|---|---|---|
| 8. | ശ്രീ. റ്റി.ജി.ഭഗവൽദാസ്, ഹെഡ് ക്ലാർക്ക് | ട്രെയിനിംഗ്–കം–ഓറിയന്റേഷൻ ഇൻ ചാർജജ്, ഐ.ടി.ഐ. കോഴിക്കോട് | ഐ.ടി.ഐ. കൊയിലാണ്ടി, കോഴിക്കോട്. | ഒഴിവ് |
| 9. | ശ്രീ. കെ.റോബർട്ട് കിംഗ്, ഹെഡ് ക്ലാർക്ക് | ആർ.ഐ.സെന്റർ ചാക്ക | ഐ.ടി.ഐ. ഉദുമ, കാസർഗോഡ് | ഒഴിവ് |
| 10. | ശ്രീ. സി.ഡി.തിലകൻ, ഹെഡ് ക്ലാർക്ക് | ഐ.ടി.ഐ. മാള | ഐ.ടി.ഐ. സീതാംഗോളി, കാസർഗോഡ് | ഒഴിവ് |
| 11. | ശ്രീമതി. റ്റി.എം.ഷീജ, ഹെഡ് ക്ലാർക്ക് | ഐ.ടി.ഐ. (വ) കോഴിക്കോട് | ഐ.ടി.ഐ. കുറുമാത്തൂർ, കണ്ണൂർ | ഒഴിവ് |
| 12. | ശ്രീ. ജി.രമേശ്ബാബു, ഹെഡ് ക്ലാർക്ക് | ഐ.ടി.ഐ. ആറ്റിങ്ങൽ | ഐ.ടി.ഐ. ബേപ്പൂർ, കോഴിക്കോട് | ഒഴിവ് |

ഈ ഉദ്യോഗസ്ഥർ ഹെഡ്ക്ലാർക്ക് തസ്തികയിൽ ശേഷിക്കുന്ന കാലവും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ 1 വർഷവും ജോലി ചെയ്തു പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ 25.03.2006–ലെ സ.ഉ. നമ്പർ 145/06/ഫിൻ അനുസരിച്ചുള്ള ഓപ്ഷൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നതും സേവനത്തിൽ പ്രവേശിക്കുന്ന തുമായ വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ യഥാസമയം ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതാണ്.

ഒപ്പ്
അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:–
1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
2. ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും.
3. ഡപ്യൂട്ടേഷനിൽ ഉള്ള ശ്രീ. ആർ.മോഹനന്റെ സ്ഥാപന മേധാവിയ്ക്ക്.
4. കരുതൽ ഫയൽ.

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

ഡി/16.11.